# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2988** — **22.6.2012-ൽ മറുപടിയ്ക്ക്**

അടയ്ക്ക ഇറക്കുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ ( തൃക്കരിപ്പൂർ)<br>,, ജെയിംസ് മാത്യു<br>,, കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി കെ. കെ. ലതിക | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) അസംസ്കൃത വസ്തുവെന്ന നിലയിൽ അടയ്ക്ക ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ തീരുമാനം സംസ്ഥാനത്തെ അടയ്ക്കാ കർഷകരെ ഏതുതരത്തിൽ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) അടയ്ക്ക കുറഞ്ഞ വിലയ്ക്ക് ഇന്ത്യനോഷ്യ, ബംഗ്ളാദേശ്, തായ്ലന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഇറക്കു മതി ചെയ്യുന്നത് ആഭ്യന്തര വിപണയിൽ വില കുറയാൻ കാരണമാകും. |
| (സി) ഈ തീരുമാനത്തിൽ നിന്നും പിന്തിരിയണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിക്കാൻ സർക്കാർ തയ്യാറാകുമോ; ഈ ദിശയിൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) & (ഡി) കേരളത്തിലെ അടയ്ക്കാ കർഷകരെ ബാധിക്കുന്ന പ്രശ്നമായത് കൊണ്ട് പ്രസ്തുത തീരുമാനത്തിൽ നിന്നു പിന്തിരിയണമെന്നാവശ്യപ്പെട്ട് 29.5.2012-ലെ **DO.No.121/VIP/CM/2012** കത്ത് പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര കൃഷി മന്ത്രിയ്ക്കും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രിയ്ക്കും കത്ത് അയച്ചിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ഒന്നും ലഭിച്ചിട്ടില്ല. |
| (ഡി) കേന്ദ്ര സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച് ലഭിച്ച പ്രതികരണം എന്തായിരുന്നു; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | |

| | | | |
|---|---|---|---|
| (ഇ) | അടയ്ക്കാ കർഷകർക്കുള്ള പ്രത്യേക പദ്ധതികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | 2012-13-ലെ ബഡ്ജറ്റിൽ അടയ്ക്കാ കർഷകർക്ക് തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2009-10 വർഷത്തിൽ കമ്മോഡിറ്റി സെയ്ഫ്റ്റി നെറ്റ് എന്ന പദ്ധതി പ്രകാരം 1000.00 ലക്ഷം രൂപ മാറി കൃഷി ഡയറക്ടറുടെ റ്റി.എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ച് ഒരു കോർപ്പസ് ഫണ്ട് ആരംഭിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത വിളകൾക്ക് വില തകർച്ച കാരണം കർഷകർ പ്രതിസന്ധിയിൽ ആകുന്ന സാഹചര്യങ്ങളിൽ നഷ്ടപരിഹാരമായി പ്രസ്തുത ഫണ്ടിൽ നിന്നും തുക നൽകാവുന്നതാണ്. അടയ്ക്കാ കർഷകരും പ്രസ്തുത സ്ക്കീമിൽപ്പെടുന്നതാണ്. അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായ ഹൈ-ലെവൽ കമ്മിറ്റിയാണ് ആവശ്യകതയും സഹായത്തിന്റെ തോതും തീരുമാനിക്കുന്നത്. പക്ഷേ സ്ക്കീം നിബന്ധനകൾ പ്രകാരം കോർപ്പസ് ഫണ്ടിന് ലഭിക്കുന്ന പലിശയും കോർപ്പസിന്റെ പരമാവധി 15 ശതമാനവും മാത്രമെ ആനുകൂല്യം നൽകുവാൻ ഉപയോഗിക്കാവൂ. |

**സെക്ഷൻ ഓഫീസർ**